പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 718

08.03.2012- ൽ
മറുപടിക്ക്

**ആലപ്പുഴ കയർമേള**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കെ. ദാസൻ<br>ശ്രീ. സി.കെ. സദാശിവൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴയിൽ നടന്ന കയർമേളയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | ആലപ്പുഴയെ ലോക പരവതാനി വ്യവസായത്തിന്റെ കേന്ദ്രമാ ക്കുന്നതോടൊപ്പം കേരളത്തിലെ കയർ ഉ ല്പന്നങ്ങൾക്ക് കൂടുതൽ വിദേശ വിപണി കണ്ടെത്തുക എന്നതാണ് 'കയർ കേരള' കൊ ണ്ട് പ്രധാനമായും ഉദ്ദേശി ക്കുന്നത്.അതോടൊപ്പം ആഭ്യന്തര വിപണിയും വിപുലീകരി ക്കുക എന്നതും പ്രധാന ലക്ഷ്യങ്ങളിൽപ്പെടുന്നു. |
| (ബി) തൊ ണ്ടിന്റെയും ചകിരിയുടെയും ദൗർലഭ്യം, വില കൂടുതൽ, ഉല്പന്നങ്ങൾക്കുള്ള വിലക്കുറവ് ഇവയെല്ലാമാണ് കയർ മേഖല നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ എന്ന് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; | ഉണ്ട് |
| (സി) ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | ചകിരി ക്ഷാമം പരിഹരി ക്കുന്നതിന് പരമാവധി തൊ ണ്ട് ശേഖരിച്ച് ചകിരിയാ ക്കുക എന്ന ലക്ഷ്യം മുൻ നിർത്തി 'തൊ ണ്ട് സംഭരണ പദ്ധതി' പരിഷ്ക്കരിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചു. ഇതു പ്രകാരം തൊ ണ്ട് സംഭരണ കൺസോർഷ്യങ്ങൾക്ക് നൽകിയിരുന്ന 5.00 ലക്ഷം രൂപ പ്രവർത്തന മൂലധനം (റിവോൾവിംഗ് ഫണ്ട്) കൂടാതെ മിനി ഡീഫൈബറിംഗ് മെഷീൻ |

| | |
|---|---|
| | ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പരമാവധി 1 ലക്ഷം രൂപ വരെ തൊണ്ട് സംഭരിക്കാൻ പ്രവർത്തന മൂലധനമായി അനുവദിക്കുകയും, പച്ച തൊണ്ടിന് 15 പൈസയും, ഉണക്കതൊണ്ടിന് 10 പൈസയും നിരക്കിൽ ഇൻസന്റീവും. തൊണ്ട് സംഭരിക്കുന്നതിന്റെ പ്രതിദിനവേതനം 150 രൂപയായി ഉയർത്തിയിട്ടുമുണ്ട്. വാഹന വാടക 50% -ഉം നല്കുന്നതാണ്. ഇങ്ങനെ തൊണ്ട് പരമാവധി സംഭരിച്ച് ചകിരിയാക്കുന്നതിന് എൻ.സി.ആർ.എം.ഐ വികസിപ്പിച്ചെടുത്ത മിനി ഡീഫൈബറിംഗ് മെഷീൻ നൽകിവരുന്നുണ്ട്. മാത്രമല്ല കൂടുതൽ തൊണ്ട് ലഭ്യമാകുന്ന സ്ഥലങ്ങളിൽ വലിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കാനും പുനരുദ്ധരിക്കാനും സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.<br><br>സെക്ഷൻ ഓഫീസർ |